**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2350** **12-02-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണരംഗത്തെ നവീകരണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുവിതരണരംഗത്ത് നടത്തിവരുന്ന നവീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | പൊതുവിതരണ രംഗത്ത് നടത്തി വരുന്ന നവീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ആശ്രമങ്ങൾ/കോൺവെന്റുകൾ/ചാരിറ്റബിൾ സ്ഥാപനങ്ങൾ എന്നിവയിലെ അന്തേവാസികൾക്കായി NPI റേഷൻ കാർഡ് ഊർജ്ജിതമാക്കി.<br><br>2. ഇ-റേഷൻ കാർഡിനോടൊപ്പം കാർഡുടമകൾക്ക് PVC കാർഡുകളും നൽകുവാൻ തുടങ്ങി.<br><br>3. തെളിമ പദ്ധതി വഴി റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തുന്നതിന് കാർഡുടമകൾക്ക് അവസരം നൽകി.<br><br>4. മുൻഗണനയിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷകൾ ഓൺലൈൻ മുഖേന മാത്രം സ്വീകരിക്കുന്ന സംവിധാനം ഏർപ്പെടുത്തി<br><br>5. Operation Yellow പദ്ധതി പ്രകാരം സംസ്ഥാനത്ത് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരിൽ നിന്നും പിഴ ഈടാക്കുവാനും അനർഹമായ മുൻഗണനാ കാർഡുകൾ പൊതുവിഭാഗത്തിലേക്ക് പരിവർത്തനം ചെയ്യുവാനും ആരംഭിച്ചു.<br><br>6. 1988 ലെ റേഷൻ വ്യാപാരി ക്ഷേമനിധി ആക്ട് പ്രകാരം രൂപീകൃതമായ കേരള റേഷൻ വ്യാപാരി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ എല്ലാം തന്നെ ഓൺലൈൻ ആക്കുന്നതിനായി ഒരു വെബ് പോർട്ടൽ രൂപീകരിക്കാൻ തീരുമാനിക്കുകയും |

ആയതിനായി ARVENSION Technologies എന്ന സ്റ്റാർട്ട് അപ്പ് കമ്പനിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

7. സംസ്ഥാനത്തിലെ എല്ലാ റേഷൻ കടകളുടെയും ഓൺലൈൻ പരിശോധനയുമായി ബന്ധപ്പെട്ട 'എഫ് പി എസ് Mobile' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചു.

8. സംസ്ഥാനത്തെ റേഷൻ വിതരണത്തിനായി ഉപയോഗിക്കുന്ന വാഹനങ്ങളുടെ സഞ്ചാരപാത നിയന്ത്രിക്കുന്നതിനായി ഒരു ജി പി എസ് ട്രാക്കിംഗ് സംവിധാനം വികസിപ്പിച്ചിട്ടുണ്ട്.

9. ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലും തടസ്സ രഹിത നെറ്റ്.വർക്ക് കണക്റ്റിവിറ്റി സാധ്യമാക്കുന്നതിന്റെ ഭാഗമായി കെ-ഫോൺ നെറ്റ്.വർക്കിലേക്ക് മാറ്റുന്നതിനായി വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളെയും കെ ഫോൺ സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

10. പൊതുവിതരണ രംഗം ശാക്തീകരിക്കുന്നതിനും പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകൾ വൈവിദ്ധ്യ- വത്കരിക്കുന്നതിന്റെ ഭാഗമായി ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തി നിലവിൽ നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും, ഉത്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നത് വഴി റേഷൻ കടയുടമകൾക്ക് ഒരു അധിക വരുമാന മാർഗ്ഗം ലക്ഷ്യമിട്ട് കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. കെ-സ്റ്റോറുകൾ വഴി നിലവിൽ താഴെപ്പറയുന്ന സേവനങ്ങൾ ലഭ്യമാക്കി വരുന്നു.

a. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉല്പന്നമായ ഹില്ലി അക്വാ കുപ്പിവെള്ളം ഒരു ലിറ്ററിന് 10 രൂപ നിരക്കിൽ (നിലവിൽ 5 ജില്ലകളിൽ) ലഭ്യമാക്കി വരുന്നു.

b. വാണിജ്യ വ്യവസായ വകുപ്പിന് (MSME) കീഴിലുള്ള ഗ്രാമീണ/ പിന്നോക്ക പരമ്പരാഗത ചെറുകിട വ്യവസായ യൂണിറ്റുകൾ വഴി പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ

c. മിൽമയുടെ തെരഞ്ഞെടുത്ത ഉത്പന്നങ്ങൾ

d. IOC യുടെ ചോട്ടു ഗ്യാസ്

| | | | |
|---|---|---|---|
| | | | e. സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ<br><br>f. CSC വഴിയുള്ള സേവനങ്ങൾ<br><br>g. 10,000/- രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം.<br><br>11. സംസ്ഥാനത്ത് അങ്ങേയറ്റം ദരിദ്രരായ കുടുംബങ്ങൾക്ക് പൊതുവിതരണ സമ്പ്രദായത്തിന് (PDS) കീഴിലുള്ള കടകളിൽ നിന്ന് റേഷൻ വീട്ടിലെത്തിക്കുന്നതിനായി 'ഒപ്പം' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വാർദ്ധക്യവും രോഗങ്ങളും കാരണം സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിൽ എത്താൻ കഴിയാത്ത അങ്ങേയറ്റം ദരിദ്രരായ കുടുംബങ്ങൾക്ക് ഓട്ടോ റിക്ഷ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് റേഷൻ വിഹിതം വീടുകളിൽ എത്തിക്കുകയാണ് സർക്കാർ ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.<br><br>12. സംസ്ഥാനത്ത് നിലവിലുള്ള അന്യസംസ്ഥാന തൊഴിലാളികൾക്ക് One Nation One Ration Card (ONORC) പദ്ധതി പ്രകാരം Ration Rights Card (RRC) നൽകുന്നതിന്റെ ഭാഗമായി അന്യ സംസ്ഥാന തൊഴിലാളികളിൽ ആധാർ കാർഡോ, റേഷൻ കാർഡോ ഇല്ലാത്ത വ്യക്തികൾ, ആധാർ കാർഡുള്ളവരും റേഷൻ കാർഡ് ഇല്ലാത്തവർ, ആധാർ കാർഡുള്ളവരും എന്നാൽ റേഷൻ കാർഡ് സ്വന്തം സംസ്ഥാനത്തുള്ളവർ എന്നിങ്ങനെയുള്ള രീതിയിൽ മൂന്ന് വിഭാഗമായി തരം തിരിച്ച് റേഷൻ കാർഡ് (Ration Rights Card) ലഭ്യമാക്കിയിട്ടുണ്ട്.<br><br>13. ഇലക്ട്രോണിക് ഫയലിംഗ് സംവിധാനമായ ഇ-ഓഫീസ് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി, സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിലെ 100 ഓഫീസുകളിലും, CONSUMER DISPUTES REDRESSAL COMMISSION ഹെഡ് ഓഫീസിലും (State – CDRC) വിജയകരമായി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | നിലവിലുള്ള റേഷൻകാർഡ് ഉടമകളിൽ എത്ര ശതമാനം പേർ എല്ലാ മാസവും റേഷൻ കടകളിൽ നിന്നും റേഷൻവിഹിതം കൈപ്പറ്റുന്നവരായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ എല്ലാ മാസവും ശരാശരി 80% റേഷൻ കാർഡ് ഉടമകൾ റേഷൻ ഭക്ഷ്യധാന്യം വാങ്ങുന്നുണ്ട്. |
| (സി) | പൊതുവിതരണ കേന്ദ്രങ്ങളെ ആധുനികീകരിച്ച് കൂടുതൽ ഉല്പന്നങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി ആരംഭിച്ച കെ-സ്റ്റോറിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (സി) | വിലയിരുത്തിയിട്ടുണ്ട്.<br><br>കെ-സ്റ്റോറുകളുടെ പ്രവർത്തനവും വിൽപ്പനയും സംബന്ധിച്ച അവലോകനം ഓരോ മാസവും നടത്തിവരുന്നു. പ്രവർത്തനം ആരംഭിച്ചത് മുതൽ |

| | | | |
|---|---|---|---|
| | | | 2023 ഡിസംബർ 31 വരെയുള്ള കാലയളവിൽ 36,17,805/- രൂപയുടെ ശബരി ഉൽപ്പന്നങ്ങൾ, 22,60,585/- രൂപയുടെ മിൽമ ഉൽപ്പന്നങ്ങൾ, 66,23,949/- രൂപയുടെ കോമൺ സർവ്വീസ് സെന്റർ (CSC) സേവനങ്ങൾ, 20,70,427/- രൂപയുടെ ചോട്ടു ഗ്യാസ്, 39,02,997/- രൂപയുടെ MSME ഉൽപ്പന്നങ്ങൾ എന്നിവയുൾപ്പെടെ ആകെ 1,84,75,763/- (ഒരു കോടി എൺപത്തിനാല് ലക്ഷത്തി എഴുപത്തി അയ്യായിരത്തി എഴുനൂറ്റി അറുപത്തി മൂന്ന് രൂപ) രൂപയുടെ വിറ്റുവരവ് കെ-സ്റ്റോറുകൾ മുഖാന്തിരം നടന്നിട്ടുണ്ട്. |
| (ഡി) | കെ-സ്റ്റോർ പദ്ധതി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | കെ-സ്റ്റോർ പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ